**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5542** **05-07-2024 - ൽ മറുപടിയ്ക്ക്**

**വിതുര, ചെറ്റച്ചൽ ഡെയറി ഫാമുകളുടെ നവീകരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | അരുവിക്കര മണ്ഡലത്തിൽ പ്രവർത്തിക്കുന്ന വിതുര, ചെറ്റച്ചൽ എന്നീ ഡെയറി ഫാമുകളിൽ 2024-25 സാമ്പത്തിക വർഷം പുതിയതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിവരങ്ങളും നീക്കി വച്ച തുകയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ? | (എ) | തിരുവനന്തപുരം വിതുര ജഴ്സി ഫാമിന്റെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 2024-25 സാമ്പത്തിക വർഷത്തിൽ, കന്നുകാലി ഷെഡ്ഡുകളുടെ താപ നിയന്ത്രണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിന് 4,58,000/- രൂപയുടെ പ്രൊപ്പോസലും, സമഗ്ര സ്ലറി ഇറിഗേഷൻ സിസ്റ്റം സ്ഥാപിക്കുന്നതിന് 85,40,000/- രൂപയുടെ പ്രൊപ്പോസലും പരിഗണനയിലുണ്ട്. എന്നാൽ ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 4403-00-102-96(P) ശീർഷകത്തിൽ അനുവദിച്ച തുകയിൽ നിന്നും കഴിഞ്ഞ സാമ്പത്തിക വർഷത്തെ കമ്മിറ്റഡ് എക്സ്പെൻഡിച്ചറിൽ ചെലവാക്കേണ്ടതായുള്ളതിനാൽ, ഫണ്ടിന്റെ അഭാവം കാരണം നടപ്പ സാമ്പത്തിക വർഷത്തിൽ ടി പദ്ധതികൾ നടപ്പിലാക്കുവാൻ സാധിക്കുകയില്ല.<br><br>2024-25 സാമ്പത്തിക വർഷത്തിൽ വിതുര ജഴ്സി ഫാം, ചെറ്റച്ചൽ ജഴ്സി ഫാം എക്സ്റ്റൻഷൻ യൂണിറ്റ് എന്നീ ഫാമുകളുടെ ദൈനംദിന ചെലവുകൾക്കായി ചുവടെപ്പറയുന്ന തുകകൾ വിവിധ ഘടകങ്ങളിൽ നിലവിൽ അനുവദിച്ച് ഉത്തരവായിട്ടുണ്ട്.<br><br>ജഴ്സി ഫാം, വിതുര - 57,00,000/- രൂപ<br><br>ചെറ്റച്ചൽ ജഴ്സി ഫാം എക്സ്റ്റൻഷൻ യൂണിറ്റ് - 10,00,000/- രൂപ<br><br>വിതുര ജഴ്സി ഫാം, ചെറ്റച്ചൽ ജഴ്സി ഫാം എക്സ്റ്റൻഷൻ യൂണിറ്റ്, എന്നീ രണ്ടു ഫാമുകളും ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുള്ളതാണ്. 2024-25 സാമ്പത്തിക വർഷത്തിൽ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

**ജഴ്സി ഫാം, വിതുര**

| ക്രമ നം. | പദ്ധതിയുടെ പേര് | അടങ്കൽ തുക |
|---|---|---|
| 1 | വിതുര ജഴ്സി ഫാമിലെ ദൈനംദിന ചെലവുകൾ | 2,00,000 |
| 2 | ഫാമിന് കാലിത്തീറ്റ, ഫോഡർ, മരുന്ന് വാങ്ങൽ | 1,65,00,000 |
| 3 | പുൽകൃഷി വികസനം | 10,00,000 |
| 4 | ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടിയെടുക്കൽ | 5,00,000 |
| 5 | പാരന്റ് സ്റ്റോക്ക് പർച്ചെയ്സ് | 10,00,000 |
| 6 | ട്രാക്ടർ വാങ്ങൽ | 16,00,000 |
| 7 | ഫാം റോഡിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 5,00,000 |
| 8 | ഫോട്ടോകോപ്പിയർ മെഷീൻ വാങ്ങൽ | 2,00,000 |
| 9 | വാഴന്തോൾ വെള്ളച്ചാട്ടത്തിൽ നിന്നും വിതുര ജഴ്സി ഫാമിലേയ്ക്ക് വെള്ളം എത്തിക്കുന്നതിന് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 25,00,000 |

**ജഴ്സി ഫാം എക്സ്റ്റൻഷൻ യൂണിറ്റ്, ചെറ്റച്ചൽ**

| ക്രമ നം. | പദ്ധതിയുടെ പേര് | അടങ്കൽ തുക |
|---|---|---|
| 1 | മില്ലിംഗ് പാർലറിന് മെഷനറി വാങ്ങൽ | 15,00,000 |
| 2 | ISO സർട്ടിഫിക്കേഷൻ | 50,000 |
| 3 | കംപ്യൂട്ടർ വാങ്ങൽ | 1,00,000 |